# ഭൂതവും വർത്തമാനവും

*"നമ്മുടെ ഉടുതുണി ചെറുതായി ചെറുതായി ഇല്ലാതായിട്ടുണ്ട്. സ്മോളടി കുറച്ചധികം കൂടിയിട്ടുമുണ്ട്. എന്നുവെച്ച് തകരാറെന്താ, നാം അടിപൊടിയായി വളരുകയാണല്ലോ?"* ഇത് നമ്മുടെ വർത്തമാനകാല കമാൻറ്.

*"എല്ലാവരെയും ആകർഷിക്കുന്ന പ്രകൃതിസൗന്ദര്യം കൊണ്ട് അനുഗൃഹീതമായ നാടാണ് കേരളം. ഉന്നതവും സമ്പന്നവുമായ സാംസ്കാരിക മേന്മയുള്ള ജനവിഭാഗമാണ് ഇവിടെയുള്ളത്. വിദ്യാഭ്യാസ കാര്യത്തിൽ ഒട്ടും മോശമല്ലാത്ത സ്ഥാനവും നമുക്കുണ്ട്. പരസ്പരം സ്നേഹിക്കുന്നതിലും ഐക്യത്തോടെ ജീവിക്കുന്നതിലും ഹൃദ്യമായി പെരുമാറുന്നതിലും ആർക്കുമില്ലാത്ത ഒരു പൈതൃകവും നമുക്കുണ്ട്. ഈ വിധത്തിലുള്ള എല്ലാം നന്മയും ഒത്തൊരുമിച്ചപ്പോൾ നാം സ്വയം ആനന്ദം കൊണ്ടു കേരളം ദൈവത്തിൻെറ സ്വന്തം നാടാണെന്ന്."* ഇത് നമ്മുടെ ഭൂതകാലം.

ഈ രണ്ട് കാലത്തിനുമിടയിൽ ഒരു സമാനത കാണാൻ സാധിക്കാത്തത് നമ്മുടെ തന്നെ തകരാറ് കൊണ്ടാണ്. ഒരിക്കൽ പ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞു: "നിനക്ക് നാണമില്ലെങ്കിൽ നീ ഉദ്ദേശിച്ചതൊക്കെ ചെയ്തുകൊള്ളുക."

നാണം തീരെ ഇല്ലാത്തത് മൃഗങ്ങൾക്കെന്നാണ് പ്രാഥമികപഠനം. പക്ഷേ, ജനത്തിൻെറ മുമ്പിൽ വെച്ച് ഉടുമുണ്ട് അഴിക്കുന്നതു മുതൽ സഭ്യേതരമല്ലാത്ത കാര്യങ്ങൾ ചെയ്യുന്നതുവരെ നാണവുമായി ബന്ധപ്പെട്ട വിഷയമാണ്.

നാം പലതും നേടിയെടുക്കുമ്പോൾ നമുക്ക് നാണമില്ലാതാവുകയാണ്. അതിനൊത്ത രീതിയിലാണ് നമ്മുടെ കാര്യങ്ങളൊക്കെ അരങ്ങേറുന്നത്.

നാണമില്ലാതായി എന്നുമാത്രമല്ല, മനുഷ്യത്വം കൂടി ഇല്ലാതാവുകയാ ണെന്നാണ് ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ പുറത്തുവിട്ട നമ്മുടെതായ കണക്കുകൾ സൂചിപ്പിക്കുന്നത്. മദ്യത്തിൻെറയും ലഹരിയുടെയും ഉപയോഗം മറ്റു സംസ്ഥാനങ്ങളെക്കാൾ ഇവിടെ ഏറെയാണ്. ആത്മഹത്യയുടെയും കൈയേറ്റങ്ങളുടെയും പിടിച്ചുപറിയുടെയും കൊള്ളയുടെയുമൊക്കെ കാര്യത്തിലും മറ്റാർക്കുമില്ലാത്ത മുന്നേറ്റം നമുക്കുണ്ട്. രാജ്യത്തെ ഏറ്റവും വലിയ കലാപജില്ലയെന്ന അപമതിപട്ടം കേരളത്തിലെ കണ്ണൂർ ജില്ലക്കാണ് ലഭിച്ചത്. സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങളും വർധിച്ചുവരികയാണ്. പെൺവാണിഭ സാധ്യത ഏറെയുള്ള നല്ല അന്തരീക്ഷമാണ് കേരളത്തിൻെറത്. അതിനാലാണ് മന്ത്രിമാരടക്കം പല രംഗങ്ങളിലുമുള്ള ഉന്നതരടക്കം വിരുതന്മാർ ഈ ബിസിനസ്സിലേക്ക് കടന്നുവരുന്നത്. കുറ്റവാളികളെ കൈകാര്യം ചെയ്യുന്നതിലുമുണ്ട് നീതിപാലന രംഗത്ത് തകരാറുകൾ. പകൽവെളിച്ചം പോലെ നാട്ടിൽ പാട്ടായ എത്രയെത്ര കുറ്റകൃത്യങ്ങൾ കൈക്കൂലിയിൽ അമർന്നുകിടക്കുന്നുണ്ട്.

കുറ്റകൃത്യങ്ങളിലേക്ക് കൂപ്പുകുത്തുന്ന നാടായി മാറുകയാണ് കേരളം. കാര്യങ്ങളെ യഥാവിധം നേരിട്ടു, ക്രമസമാധാനം നിലനിർത്തുന്നതിലും ഭരണം നേരെ ച്ചൊവ്വെ കൊണ്ടുപോകുന്നതിലും നമ്മുടെ ഭരണകൂടവും പരാജയത്തിലാണ് ചെന്നു നില്ക്കുന്നത്. തെറ്റുകുറ്റങ്ങളെ കഴിയുന്നത്ര തിരുത്തി മുന്നോട്ടു നീങ്ങേണ്ടത് അനിവാര്യമാണ്. സമൂഹത്തിനും അതിൽ ഉത്തരവാദിത്തമുണ്ട്.

കലാലയങ്ങളിൽപോലും അറുകൊല തുടങ്ങി എന്നുവന്നാൽ നമ്മുടെ അവസ്ഥ എവിടെയെത്തിയെന്ന് നാം ആലോചിക്കണം. പഠനങ്ങളിൽനിന്ന് ധാർമിക മൂല്യങ്ങളെ പുറംതള്ളിയതും അവയ്ക്ക് സ്ഥാനമേതുമില്ലാത്ത ആചാര-ആസ്വാദന പരിപാടികൾ മീഡിയകളിൽ തിരുകിക്കയറ്റിയതുമൊക്കെ ഇതിൻെറ അടിസ്ഥാന കാരണങ്ങളാണ്. അക്രമങ്ങൾ പെരുപ്പിക്കുന്നതിൽ രാഷ്ട്രീയക്കാരും സംഘടനകളുമൊക്കെ ഒരുപോലെ പങ്കാളികളാണ്. മതപരമായ തർക്കങ്ങൾപോലും കേരളത്തിലാണ് ഏറെയും നിലനില്ക്കുന്നത്. ഇല്ലാത്തവനെ സഹായിക്കാനുള്ള ഉദാത്ത ഗുണം നഷ്ടപ്പെട്ടിരിക്കുന്നു. ഇല്ലാത്തവനെ കൂടുതൽ ഇല്ലാത്തവനും ഉള്ളവനെ കൂടുതൽ സമ്പന്നനുമാക്കുന്ന സാമൂഹിക വ്യവസ്ഥയാണ് നിലനിലുള്ളത്.

പഠിക്കുംതോറും നമുക്ക് നാണം ഇല്ലാതാവുക മാത്രമല്ല, ജീവിതത്തെ സമൂലം പരിവർത്തിപ്പിക്കേണ്ട ധാർമികമൂല്യങ്ങളിൽനിന്നും അകലുകയും കൂടി ചെയ്യുന്നു നാം. അതിൽ സമൂഹവും ഭരണകൂടവും ഒരുപോലെ ഉത്തരവാദികളാണ്.